**LATIN ARCHDIOCESE OF TRIVANDRUM**

n. 003/2022/PL Dated: 29.03.2022

**ഇടയലേഖനം**

## *ഇടയവഴിയിൽ കൃതജ്ഞതയോടെ, പ്രാർത്ഥനാപൂർവ്വം*

ദൈവത്തിനു സ്തുതി!

ദൈവജനത്തിന് സമാധാനം!

ക്രിസ്തുവിൽ എത്രയും സ്നേഹം നിറഞ്ഞ വൈദികരേ, സന്യസ്തരേ, സഹോദരീ സഹോദരന്മാരേ,

***നമ്മുടെ അതിരൂപതയെ ദൈവം പ്രത്യേകം അനുഗ്രഹിച്ചിരിക്കുന്നു!***

അഭിവന്ദ്യ സൂസപാക്യം മെത്രാപ്പോലീത്ത വിരമിച്ച സാഹചര്യത്തിൽ നമ്മിൽ ഒരാളെ, എളിയവനായ എന്നെ ദൈവം ആ സ്ഥാനത്തേയ്ക്ക് തെരഞ്ഞെടുത്തു നിയോഗിച്ചു. ഇക്കഴിഞ്ഞ ഫെബ്രുവരി 2–ന് നമ്മുടെ കർത്താവിന്റെ സമർപ്പണത്തിരുനാളിൽ ആ നിയമനവാർത്ത നാം അറിഞ്ഞു. അന്നുമുതൽ ധാരാളംപേർ നേരിട്ടും മറ്റ് മാർഗ്ഗങ്ങളിലൂടെയും സന്തോഷം പ്രകടിപ്പിക്കുകയും അനുമോദനങ്ങളും ആശംസകളും നേരുകയുമുണ്ടായി. പൊതുസമൂഹത്തിലെ വിവിധ മേഖലകളിൽനിന്നുള്ള പ്രമുഖരും സാധാരണക്കാരും ഇക്കൂട്ടത്തിലുണ്ട്. നിങ്ങൾ ഓരോരുത്തരുടെയും സ്നേഹാദരങ്ങൾക്കും പ്രാർത്ഥനയ്ക്കും ഞാൻ പ്രത്യേകം നന്ദിയർപ്പിക്കുന്നു.

മാർച്ച് 19–ാം തീയതി യൗസേപ്പിതാവിന്റെ തിരുനാൾ ദിനത്തിൽ മെത്രാഭിഷേകവും സ്ഥാനാരോഹണ തിരുക്കർമ്മങ്ങളും ചെറുവെട്ടുകാട് സെന്റ് സെബാസ്റ്റ്യൻ ദേവാലയ ഗ്രൗണ്ടിൽ നടന്നു. നമ്മുടെ രൂപതാംഗങ്ങളും അല്ലാത്തവരുമായ വലിയൊരു ജനാവലി ഇതിൽ സംബന്ധിച്ച് ദൈവത്തിന് നന്ദിയർപ്പിക്കുകയും അതിരൂപതയ്ക്കും പുതിയ ഇടയനുംവേണ്ടി പ്രാർത്ഥിക്കുകയും ചെയ്തു. പാപ്പയുടെ പ്രതിനിധി Apostolic Nuncio Archbishop Leopoldo Girelli–യുടെ മഹനീയ സാന്നിദ്ധ്യവുമുണ്ടായിരുന്നു. പ്രൗഢമായ വേദിയിൽ ഭക്തിനിർഭരമായ തിരുക്കർമ്മങ്ങൾ ഹൃദയസ്പർശിയും ആത്മീയനുഭൂതിയുണർത്തുന്നതുമായിരുന്നു. ഇതിന്റെ സംഘാടക സമിതിയെയും ഇതിനുവേണ്ടി പ്രയത്നിച്ചവരെയും ഇതിൽ പങ്കെടുത്തവരെയും ദൈവം അനുഗ്രഹിക്കട്ടെയെന്ന് പ്രാർത്ഥിക്കുകയും അവരെ നന്ദിയോടെ സ്മരിക്കുകയും ചെയ്യുന്നു.

20–ാം തീയതി ഞായറാഴ്ച പൊതുസമൂഹത്തിന്റെ പങ്കാളിത്തത്തോടെ അനുമോദന യോഗവും നടന്നു. തലസ്ഥാന ജില്ലയിൽ സ്ഥിതിചെയ്യുന്ന നമ്മുടെ അതിരൂപതയും വിശ്വാസസമൂഹവും ഇതര മത–സാമൂഹ്യ–രാഷ്ട്രീയ വിഭാഗങ്ങളുമായും അവരുടെ നേതൃത്വവുമായുള്ള സഹകരണത്തിന്റെയും കൂട്ടായ്മയുടെയും ഊഷ്മളവേദിയായി അത് മാറി. യോഗത്തിൽ നമ്മുടെ കേരള മുഖ്യമന്ത്രി ശ്രീ പിണറായി വിജയൻ അവർകളുടെ സാന്നിദ്ധ്യവും സന്ദേശവും ശ്രദ്ധേയമായി. അനുമോദനങ്ങളും ആശംസകളുമർപ്പിച്ച നിരവധി വ്യക്തികൾക്കും ഇതിൽ താല്പര്യപൂർവ്വം പങ്കെടുത്ത അതിരൂപതാംഗങ്ങൾക്കും അഭ്യൂദയകാംക്ഷികൾക്കും അതിരൂപതയുടെ നാമത്തിൽ ഞാൻ ഹൃദയപൂർവ്വം നന്ദിയർപ്പിക്കുന്നു.

മെത്രാഭിഷേകത്തിലൂടെയും സ്ഥാനാരോഹണത്തിലൂടെയും ദൈവം എന്നെ നമ്മുടെ അതിരൂപതയുടെ മുഴുവൻ അജഗണത്തിന്റെയും മേലദ്ധ്യക്ഷനും ഇടയനുമായി ഉയർത്തിയിരിക്കുന്നു. അതാകട്ടെ, സഭയിൽ ക്രിസ്തുവിന്റെ ത്രിവിധ ധർമ്മങ്ങൾ നിർവ്വഹിക്കാനാണ്. അതായത്, സത്യത്തിന്റെ പ്രബോധകനും (പ്രവാചകധർമ്മം) ദൈവാരാധനയുടെ പുരോഹിതനും (പുരോഹിത ധർമ്മം) അജപാലനത്തിന്റെ നായകനും (രാജകീയധർമ്മം) എന്നീ നിലകളിൽ ദൈവജനത്തിന് ശുശ്രൂഷ ചെയ്യുവാനാണ്. മെത്രാനടുത്ത ഈ ഉത്തരവാദിത്വം ഒറ്റയ്ക്കല്ല നിർവ്വഹിക്കുക. മറിച്ച്, വൈദികരുടെയും സന്യസ്തരുടെയും അത്മായവിശ്വാസികളുടെയും സഹകരണത്തോടും സഹായത്തോടും കൂട്ടുത്തരവാദിത്വത്തോടും കൂടിയാണ്. കാരണം, ജ്ഞാനസ്നാനത്തിലൂടെ സഭാംഗങ്ങളായ നമ്മെല്ലാവരും ക്രിസ്തുവിന്റെ ത്രിവിധ ധർമ്മങ്ങളിൽ പങ്കുചേരുന്നവരാണ്.

നമ്മുടെ അതിരൂപതയിൽ മെത്രാൻ ശുശ്രൂഷയുടെ ഊന്നലും സമീപനവും വ്യക്തമാക്കുവാൻ സഹായകരമാണ്, അജപാലകനെന്ന നിലയിൽ ഞാൻ തെരഞ്ഞെടുത്ത ആപ്തവാക്യവും (Motto) സ്ഥാനചിഹ്നവും (Logo). യേശുനാഥൻ നിർവ്വഹിച്ച ദൗത്യത്തിൽ പങ്കുചേരുന്നതിനാലാണ് ലൂക്കായുടെ സുവിശേഷം 4–ാം അദ്ധ്യായം 18–ാം വാക്യം തെരഞ്ഞെടുത്തത്: ''കർത്താവിന്റെ ആത്മാവ് എന്റെമേൽ ഉണ്ട്. ദരിദ്രരെ സുവിശേഷം അറിയിക്കാൻ അവിടുന്ന് എന്നെ അഭിഷേകം ചെയ്തിരിക്കുന്നു. ബന്ധിതർക്ക് മോചനവും അന്ധർക്ക് കാഴ്ചയും അടിച്ചമർത്തപ്പെട്ടവർക്ക് സ്വാതന്ത്ര്യവും കർത്താവിന് സ്വീകാര്യമായ വത്സരവും പ്രഖ്യാപിക്കാൻ അവിടുന്ന് എന്നെ അയച്ചിരിക്കുന്നു''. സദ്വാർത്തയുടെ പ്രഘോഷണത്തിൽ സഭാംഗങ്ങൾ എല്ലാവരെയും ഉൾക്കൊള്ളുന്ന, ശ്രവിക്കുന്ന, പങ്കാളികളാക്കുന്ന ശൈലി സ്വീകരിക്കുന്നതിനെ സൂചിപ്പിക്കുന്നതിനാണ് ആപ്തവാക്യത്തിൽ ''സ്നേഹത്തിലും സേവനത്തിലും ഒരുമിച്ചുള്ള യാത്ര'' എന്ന് കൂട്ടിച്ചേർത്തിരിക്കുന്നത്. ഇത് ഫ്രാൻസിസ് പാപ്പ ചൂണ്ടിക്കാണിച്ച സിനഡാത്മക സഭയുടെ ചൈതന്യം സ്വാംശീകരിക്കുന്നതിന്റെ ഭാഗവുമാണ്.

നമ്മുടെ തിരുവനന്തപുരം പ്രാദേശിക സഭയിൽ കഴിഞ്ഞ കാലങ്ങളിൽ നാം നടപ്പിലാക്കിയ, ഇന്നും തുടരുന്ന അടിസ്ഥാന ക്രൈസ്തവ സമൂഹങ്ങൾ (ബി.സി.സി.കൾ),

വിവിധ ശുശ്രൂഷാ സംവിധാനങ്ങൾ, പങ്കാളിത്ത ഘടനകൾ തുടങ്ങിയവയെല്ലാം ഈ അജപാലന ദർശനം സാക്ഷാത്ക്കരിക്കാൻ ഏറ്റവും സഹായകരമായ മാർഗ്ഗങ്ങളും വേദികളുമാണ്. ഒരുപക്ഷേ, ഇനി ശ്രദ്ധിക്കേണ്ട ഒരു സുപ്രധാനകാര്യം വിവിധ തലങ്ങളിൽ ഇവയെ ചലിപ്പിക്കേണ്ടവർക്ക് നൽകേണ്ട ബോധവൽക്കരണവും പരിശീലന പരിപാടികളുമാണ്. അതിലൂടെ എല്ലാ ഘടകങ്ങളേയും സജീവമാക്കുകയും, മാറുന്ന സാഹചര്യങ്ങൾ കണക്കിലെടുത്തുകൊണ്ടുള്ള ലക്ഷ്യങ്ങളും മുൻഗണനകളും പദ്ധതികളും കർമ്മപരിപാടികളും ആസൂത്രണം ചെയ്ത് കാര്യക്ഷമതയോടെ നടപ്പിലാക്കുകയുമാണ് വേണ്ടത്. ഇതിന് നിലവിലുള്ള ബി.സി.സി. ഇടവക–ഫെറോന–രൂപതാ തലങ്ങളിലുള്ള നേതൃത്വത്തിന് ആവശ്യമായ പരിശീലന പദ്ധതി ആസൂത്രണം ചെയ്ത് നടപ്പിലാക്കണം.

വിശ്വാസ പരിശീലനവും അത്മായ ശാക്തീകരണവും പ്രത്യേകം ശ്രദ്ധിക്കേണ്ടതായിട്ടുണ്ട്. കൂടാതെ, ഇന്ന് സഭാസംവിധാനങ്ങളിൽ ഇടംകിട്ടാതെ പോയവരെയും അവരുടെ കഴിവുകളെയും വിഭവങ്ങളെയും പ്രയോജനപ്പെടുത്താനുള്ള തുറവിയും ബോധപൂർവ്വകമായ ശ്രമങ്ങളുമുണ്ടാകണം. കാരണം, വിശ്വാസികളായ എല്ലാവരും ചേരുന്ന ഒരു കൂട്ടായ്മയാണ് സഭ. ആരെയും ഒഴിവാക്കാതെ എല്ലാവർക്കും സഭയുടെ ദൗത്യ നിർവ്വഹണത്തിൽ ഇടം കൊടുക്കണം. ഇത് എങ്ങനെ പ്രായോഗികമാക്കാം എന്ന് നാം കണ്ടെത്തണം. ഇവയുടെയെല്ലാം അടിസ്ഥാനം പരിശുദ്ധാത്മാവിന്റെ പ്രവർത്തനങ്ങളോടും പ്രചോദനങ്ങളോടുമുള്ള നമ്മുടെ തുറവിയെയും സുവിശേഷ മൂല്യങ്ങൾ സ്വാംശീകരിക്കുന്നതിനുള്ള നമ്മുടെ സന്നദ്ധതയെയും ആശ്രയിച്ചിരിക്കും. ദൈവാത്മാവിനെയും ദൈവവചനത്തെയും അവഗണിക്കാതെ, അവയ്ക്ക് നിരന്തരം വിധേയമാകുമ്പോഴാണ് നാം ഒരു വിശ്വാസ സമൂഹമായി മാറുകയുള്ളൂ എന്നതാണ് യാഥാർത്ഥ്യം.

നമ്മുടെ രൂപത 1937–ൽ സ്ഥാപിതമായതുമുതൽ ധാരാളംപേരുടെ നിസ്തുലമായ സേവനങ്ങളാലും ത്യാഗങ്ങളാലും പ്രാർത്ഥനയാലും വിശുദ്ധീകൃതവും അനുഗ്രഹീതവുമായിത്തീർന്നിട്ടുണ്ട്. മുൻ രൂപതാദ്ധ്യക്ഷന്മാരായിരുന്ന ബിഷപ് വിൻസന്റ് ഡെരേര, ബിഷപ് പീറ്റർ ബർണാഡ് പെരേര, ബിഷപ് ജേക്കബ് അച്ചാരുപറമ്പിൽ എന്നിവരെ നമുക്ക് നന്ദിയോടെ ഓർക്കാം. അവരുടെ ആത്മശാന്തിക്കുവേണ്ടി പ്രാർത്ഥിക്കാം. ഇക്കഴിഞ്ഞ 32 വർഷക്കാലം തന്റെ മാതൃകാപരമായ ജീവിതംകൊണ്ടും ശ്രേഷ്ഠമായ ഇടയ ശുശ്രൂഷകൊണ്ടും നമ്മെ അനുഗ്രഹിക്കുകയും നയിക്കുകയും വളർത്തുകയും ചെയ്ത അഭിവന്ദ്യ സൂസപാക്യം മെത്രാപ്പോലീത്തയ്ക്ക് അതിരൂപതാമക്കളുടെ ആത്മാർത്ഥമായ നന്ദിയും സ്നേഹാദരവുകളും നമുക്ക് അർപ്പിക്കാം. ഇപ്പോൾ മംഗലപുരം, കാരമൂട് സെന്റ് വിൻസന്റ് സെമിനാരിയിൽ വിശ്രമജീവിതം നയിക്കുന്ന പിതാവിനുവേണ്ടി നമുക്കെന്നും പ്രാർത്ഥിക്കാം.

പ്രിയ സഹോദരരേ, നമ്മുടെ അതിരൂപതയുടെ അജപാലന ചുമതല ഏറ്റെടുത്തിരിക്കുന്ന ഈ വേളയിൽ ഞാൻ സന്തോഷപൂർവ്വം ദൈവമഹത്വത്തിനായും അതിരൂപതയുടെ നന്മയ്ക്കായും നിങ്ങളുടെ സേവനത്തിനായും എന്നെ സമർപ്പിക്കുന്നു.

മുന്നോട്ടുള്ള പ്രയാണത്തിൽ നിങ്ങൾ ഓരോരുത്തരുടെയും നിരന്തരമായ പ്രാർത്ഥനയും സഹകരണവും അഭ്യർത്ഥിക്കുന്നു. അതിരൂപതയിലെ എല്ലാ പ്രവർത്തനങ്ങളിലും സജ്ജീവമായി പങ്കുചേർന്ന് കൂട്ടുത്തരവാദിത്വത്തോടെ നമ്മുടെ കടമകൾ നിർവ്വഹിച്ച് നമുക്ക് ദൈവരാജ്യ ശുശ്രൂഷകരായിത്തീരാം.

ഇപ്പോഴത്തെ സാഹചര്യത്തിൽനിലവിലുള്ള അതിരൂപതാ വൈദിക സെനറ്റും അതിരൂപത അജപാലന സമിതിയും കാലാവധി തീരുന്നതുവരെ തുടരുന്നതായിരിക്കുമെന്ന് പ്രത്യേകം അറിയിക്കുന്നു. മറ്റ് കാര്യങ്ങൾ വരുംനാളുകളിൽ കൂടിയാലോചനകളിലൂടെ യഥാസമയം നിശ്ചയിച്ച് അറിയിക്കുന്നതായിരിക്കും.

വിശുദ്ധവാരാഘോഷങ്ങൾക്കായി തപസ്സുകാലത്തെ ഇനിയുള്ള ദിനങ്ങൾ നമുക്ക് കൂടുതൽ പ്രയോജനപ്പെടുത്താം. പീഢിതനും ക്രൂശിതനും ഉത്ഥിതനുമായ ക്രിസ്തുവിന്റെ രക്ഷാകര രഹസ്യങ്ങളിൽ നമ്മുടെ ജീവിതം സമർപ്പിക്കാം. നമുക്ക് ഉയിർപ്പിന്റെ പ്രത്യാശയോടെ മുന്നേറാം.

ദൈവം നമ്മെ അനുഗ്രഹിക്കട്ടെ!

സ്നേഹാശംസകളോടെ പ്രാർത്ഥനാപൂർവ്വം

† തോമസ് ജെ. നെറ്റോ
തിരുവനന്തപുരം അതിരൂപത മെത്രാപ്പോലീത്ത

---

**NB**: ഈ ഇടയലേഖനം 2022 ഏപ്രിൽ മാസം 3–ാം തീയതി ദിവ്യബലിമദ്ധ്യേ വായിക്കേണ്ടതാണ്.